## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1377 — 13.06.2014-ലെ മറുപടിക്ക്

### പാൽ ഉല്പന്നങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മൻ | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലിൽ നിന്നും എന്തെല്ലാം ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | മിൽമയുടെ കീഴിൽ നേരിട്ട് ആലപ്പുഴ പ്രോഡക്ട്സ് ഡയറിയിലും, മേഖലാ യൂണിയനുകളുടെ മറ്റ് ഡയറികളിലൂടെയും വിവിധ പാലുല്പന്നങ്ങളായ തൈര്, സംഭാരം, നെയ്യ്, ഐസ്ക്രീം, സിപ് അപ്, പേഡ, ഫ്ലേവേർഡ് മിൽക്ക്, വെണ്ണ, പനീർ, ഗുലാബ് ജാമുൻ, പാലട മിക്സ്, യോഗർട്ട്, ശ്രീഖണ്ഡ്, മിൽക്ക് ലോലി, ഡയറി വൈറ്റ്നർ എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | മിൽമയുടെ മലബാർ മേഖലാ യൂണിയൻ വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ ഡയറികളിൽ നിന്നും നെയ്യ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. |
| (സി) ആഗോള കമ്പോളത്തിൽ വിപണനം ചെയ്യുന്നതിനാവശ്യമായ "സ്വയാർജ്ജിത ഗുണനിലവാര സർട്ടിഫിക്കറ്റ്" എത്ര ഉല്പന്നങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (സി) | മിൽമ മലബാർ മേഖലാ യൂണിയന്റെ വയനാട്, കണ്ണൂർ യൂണിറ്റുകൾക്ക് നെയ്യ് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ Export Inspection Agency അംഗീകാരം, ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം ISO 22000-2005 സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കയറ്റുമതി ചെയ്യപ്പെടുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ആഗോള കമ്പോളത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ രീതിയിൽ ക്രമപ്പെടുത്തുക, ഈ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ പ്ലാന്റുകളിൽ ഉണ്ടാക്കുക, കൃത്യമായ പരിശോധന ക്രമങ്ങൾ പാലിക്കുക, കയറ്റുമതി ഏജൻസിക്ക് ആവശ്യമായ നിലവാരമനുസരിച്ചുള്ള ഫാക്ടറി അന്തരീക്ഷത്തിലും ഉയർന്ന രീതിയിലുള്ള വൃത്തിയും ശുചിത്വവും പാലിച്ചും ഉല്പാദന |

പ്രക്രിയ നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുക വഴി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനാവശ്യമായി ഇൻസ്പെക്ഷൻ ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ ഡയറികളിൽ പ്രാവർത്തികമാക്കുന്നു. അതിനുശേഷം പ്ലാന്റും അനുബന്ധസ്ഥാപനങ്ങളും ഇത്തരം ഏജൻസികൾ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ് ഉൽപ്പന്ന കയറ്റുമതിക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത്.

**സെക്ഷൻ ഓഫീസർ**